

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



# 13. ഇന്ത്യയും സോഷ്യലിസവും

സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


13 ഇന്ത്യയും സോഷ്യലിസവും . . . . . . . . . . . . . . . . 1

1 വളരുന്ന സോഷ്യലിസവും തകരുന്ന മുതലാളിത്തവും . . . . . . . . . . . . . . . . . 2

2 രണ്ടു വ്യത്യസ്തലോകങ്ങൾ . . . . . . . 3

3 രണ്ടു പ്രവചനങ്ങൾ . . . . . . . . . . 4

4 സോഷ്യലിസം പരന്നുപിടിക്കുന്നു . . . 5

5 അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേയ്ക്ക് 6

# 13

# ഇന്ത്യയും സോഷ്യലിസവും

## 1 വളരുന്ന സോഷ്യലിസവും തകരുന്ന മുതലാളിത്തവും

110 കൊല്ലങ്ങൾക്കു മുമ്പ്, 1847-ൽ, കാറൽ മാർക്സ് എന്നൊരു മനുഷ്യൻ ‘കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ’ എന്നൊരു കൊച്ചുപുസ്തകത്തിൽ “മുതലാളിത്തത്തിന്റെ നാശവും തൊഴിലാളിവർഗ്ഗത്തിന്റെ വിജയവും ഒരുപോലെ അനിവാര്യമാണ്” എന്നു പ്രഖ്യാപിച്ചപ്പോൾ ഒരുപിടി തൊഴിലാളികളൊഴികെ മറ്റാരും അതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല. എങ്ങിനെ വിശ്വസിയ്ക്കും! സ്വന്തം ശക്തിയിൽ ആഹ്ലാദിച്ചുമദിച്ചുപുളച്ചുകൊണ്ട് മുതലാളിത്തം വളരുകയും ശക്തിപ്പെടുകയും ചെയ്തുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. വളരുകയും ശക്തിപ്പെടുകയും ചെയ്യുന്ന മുതലാളിത്തം തളരുകയും തകരുകയും ചെയ്യുമെന്നു വിശ്വസിയ്ക്കുന്നതെങ്ങിനെയാണ്?

പക്ഷേ, മുതലാളിത്തത്തിന്റെ ചിന്തകന്മാർ ആശിച്ചതിന് വിപരീതമായി, മാർക്സിസം ചൂണ്ടിക്കാണിച്ച വഴിയ്ക്ക് ലോകം മുന്നേറി. ഏഴു ദശാബ്ദങ്ങൾക്കു ശേഷം, 1917-ൽ, ലോകത്തിന്റെ ആറിലൊരു ഭാഗം വരുന്ന റഷ്യയിൽനിന്ന് മുതലാളിത്തം എന്നെന്നേയ്ക്കുമായി തുടച്ചുനീക്കപ്പെട്ടു. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ജന്മിയും മുതലാളിയുമില്ലാത്ത പുതിയൊരു സാമൂഹ്യവ്യവസ്ഥ—സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ—ഉയർന്നുവന്നു. അങ്ങിനെ, 17 കോടി ജനങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും മുതലാളിത്തത്തിന്റെ നാശവും

## 2 രണ്ടു വ്യത്യസ്തലോകങ്ങൾ

പരസ്പരവിരുദ്ധമായ രണ്ടു സാമൂഹ്യവ്യവസ്ഥകൾ! രണ്ടു ലോകങ്ങൾ ! ഒരു ഭാഗത്ത് സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയൻ; മറുഭാഗത്ത് മുതലാളിത്തലോകം.

1. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ മുതലാളിവർഗ്ഗത്തിന്റെ അധികാരശക്തിയെ തട്ടിത്തകർത്തുകൊണ്ട് തൊഴിലാളിവർഗ്ഗം സ്വന്തം ഭരണാധികാരം സ്ഥാപിച്ചിരിയ്ക്കുന്നു; മുതലാളിത്തവ്യവസ്ഥയിൽ ഭരണാധികാരം മുതലാളികളുടെ കൈയിലാണ്.
2. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഫാക്ടറിയും കമ്പനിയും തോട്ടവും നിലവും ബാങ്കും മറ്റുല്പാദനോപകരണങ്ങളും തൊഴിലാളികളുടേയും അദ്ധ്വാനിയ്ക്കുന്ന കൃഷിക്കാരുടേയും കൈയിലാണ്; മുതലാളിത്തവ്യവസ്ഥയിൽ ഉൽപ്പാദനോപകരണങ്ങളെല്ലാം ചൂഷകവർഗ്ഗക്കാരുടെ സ്വകാര്യസ്വത്തുക്കളാണ്.
3. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉൽപ്പാദനം നടത്തുന്നത് മുതലാളിയുടെ ലാഭത്തിനു വേണ്ടിയല്ല, അധ്വാനിയ്ക്കുന്ന ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ജീവിതം അഭിവൃദ്ധിപ്പെടുത്താനാണ്; മുതലാളിത്തവ്യവസ്ഥയിൽ ഉൽപ്പാദനം നടത്തുന്നത് ജനങ്ങളുടെ അഭിവൃദ്ധിയ്ക്കുവേണ്ടിയല്ല, മുതലാളികൾക്കു ലാഭമുണ്ടാക്കാൻ വേണ്ടിയാണ്.
4. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ധനികവർഗ്ഗക്കാരെ കൂടുതൽ വലിയ ധനികന്മാരാക്കുന്നതിനു വേണ്ടിയല്ല, ജനങ്ങളുടെ ജീവിതനിലവാരമുയർത്താൻവേണ്ടിയാണ്, ദേശീയവരുമാനം പങ്കിടപ്പെടുന്നത്. മുതലാളിത്തവ്യവസ്ഥയിൽ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയല്ല, മുതലാളികളുടെ പണപ്പെട്ടി വീർപ്പിയ്ക്കാൻ വേണ്ടിയാണ് ദേശീയവരുമാനം പങ്കിടപ്പെടുന്നത്.
5. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉൽപ്പാദനാഭിവൃദ്ധിയോടൊപ്പം ജനങ്ങളുടെ ക്രയശക്തിയും വളരുന്നതുകൊണ്ട്, സാമ്പത്തികക്കുഴപ്പവും തൊഴിലില്ലായ്മയുമില്ല; മുതലാളിത്തവ്യവസ്ഥയിൽ ഉല്പാദനവർദ്ധനവോടൊപ്പം തൊഴിലാളികളുടെ ക്രയശക്തി കുറഞ്ഞുകുറഞ്ഞുവരുന്നതുകൊണ്ട് സാമ്പത്തികക്കുഴപ്പവും തൊഴിലില്ലായ്മയും അനിവാര്യമായിത്തീരുന്നു.
6. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ജനങ്ങൾ തങ്ങൾക്കു വേണ്ടിത്തന്നെ പണിയെടുക്കുന്നു; മുതലാളിത്തവ്യവസ്ഥയിൽ മർദ്ദിതരായ തൊഴിലാളികളും കർഷകരും ചൂഷണവർഗ്ഗക്കാർക്കുവേണ്ടി അദ്ധ്വാനിയ്ക്കുന്നു.
7. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ അധ്വാനിക്കുന്ന ബഹുജനങ്ങൾ യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യവും ജനാധിപത്യാവകാശങ്ങളും അനുഭവിക്കുന്നു. മുതലാളിത്തവ്യവസ്ഥയിൽ സ്ഥാപിത താല്പര്യക്കാരുടെ ചൂഷണത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യാവകാശങ്ങൾ മാത്രമേയുള്ളൂ.
8. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ അധികാരത്തിലിരിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്ന് പണിമുടക്കങ്ങളോ മറ്റു സമരങ്ങളോ നടത്തേണ്ട ആവശ്യം നേരിടുന്നില്ല; മുതലാളിത്തവ്യവസ്ഥയിൽ മുതലാളിത്തത്തിന്നെതിരായ പണിമുടക്കങ്ങളും സമരങ്ങളും അനിവാര്യമായിത്തീരുന്നു.
9. ഒരു ഭാഗത്ത് സാർവ്വത്രികവും സർവ്വതോന്മുഖവുമായ അഭിവൃദ്ധി; മറുഭാഗത്ത് അധഃപതനം, കുഴപ്പം, തൊഴിലില്ലായ്മ, പട്ടിണി, കഷ്ടപ്പാട്!

# 3 രണ്ടു പ്രവചനങ്ങൾ

പുതിയ സാമൂഹ്യവ്യവസ്ഥ ആദ്യമായി റഷ്യയിലാണ്ടലെടുത്തത്. പക്ഷേ, അത് സാർവ്വദേശീയമായ പ്രത്യാഘാതങ്ങളുളവാക്കി. ലോകത്തിലൊട്ടുക്കും ഉറങ്ങിക്കിടന്നിരുന്ന എല്ലാ ജനാഭിലാഷങ്ങളേയും അതു തട്ടിയുണർത്തി. മർദ്ദനവും ചൂഷണവുമില്ലാത്ത ഒരു പുതിയ ജീവിതത്തിനുവേണ്ടിയുള്ള വെമ്പലുകളെ എല്ലായിടത്തും അത് ആളിക്കത്തിച്ചു. ലോകത്തിന്റെ ആറിലൊരു ഭാഗത്തുനിന്ന് മർദ്ദനങ്ങളേയും ചൂഷണങ്ങളേയും എന്നെന്നേയ്ക്കുമായി പിഴുതെറിഞ്ഞ റഷ്യൻ വിപ്ളവം വാസ്തവത്തിൽ ലോകമുതലാളിത്തത്തിന്റെതന്നെ മരണമണിയടിയ്ക്കാറായി എന്നതിന്റെ ഒരു മുന്നറിയിപ്പായിരുന്നു. ലെനിൻ പ്രഖ്യാപിച്ചു.

> “നമുക്ക് അഭിമാനംകൊള്ളാനും സന്തുഷ്ടരാവാനും അവകാശമുണ്ട്. എന്തുകൊണ്ടെന്നാൽ, ഭൂമിയെ ചോരയിൽ മുക്കുകയും മനുഷ്യസമുദായത്തെ പട്ടിണിയിലും കാടത്തത്തിലുമിട്ടു ഞെരുക്കുകയും ചെയ്ത മുതലാളിത്തമെന്ന കാട്ടുമൃഗത്തെ ആദ്യമായി ലോകത്തിന്റെ ഒരു ഭാഗത്ത് നമ്മളാണ് കീഴടക്കിയത്. ആ കാട്ടുമൃഗത്തിന്റെ മരണക്കളിയുടെ മൃഗീയതകൾ എത്രതന്നെ അതിരുകവിഞ്ഞതായിക്കൊള്ളട്ടെ, അതു നാശമടയുമെന്ന കാരണത്തിൽ യാതൊരു സംശയവുമില്ല.”

മുതലാളിത്തത്തിന്റെ പ്രവാചകന്മാർക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. സാറും സാറിനയും മുതലാളിയും ജന്മിയും ക്രെംലിനിൽ വീണ്ടും ഉയിർത്തെഴുന്നേല്ക്കുന്ന ദിവസത്തെപ്പറ്റി അവർ മധുരസ്വപ്നം കാണുകയായിരുന്നു. റഷ്യയിൽപ്പോലും തൊഴിലാളിവർഗ്ഗത്തിന്റെ വിജയം താൽക്കാലികം മാത്രമാണെന്നു അവരുറപ്പിച്ചു പറഞ്ഞു. സോവിയറ്റുയൂണിയൻ ജനിച്ചിട്ട് മൂന്ന് കൊല്ലം കഴിഞ്ഞപ്പോൾ, അതായത് 1920 ഒക്ടോബറിൽ ‘മോർണിങ്ങ് പോസ്റ്റ്’ എന്നു മുതലാളിത്തപത്രമെഴുതി:

> “ബോൾഷെവിക്കുഭരണം തകരാൻ പോവുകയാണെന്നതിന് എല്ലാ തെളിവുകളുമുണ്ട്; അതിന്റെ അന്ത്യം വളരെ ദൂരത്തൊന്നുമല്ല എന്നു വിശ്വസിയ്ക്കാൻ ന്യായമുണ്ട്.”

പക്ഷേ, ‘മോർണിങ്ങ് പോസ്റ്റ്’ പത്രാധിപർ വിശ്വസിച്ചതുപോലെയല്ല, ലെനിൻ ചൂണ്ടിക്കാണിച്ച വഴിയ്ക്കാണ് ലോകം മുന്നോട്ടുനീങ്ങിയത്. പഴയ സാമൂഹ്യവ്യവസ്ഥ കൂടുതൽ കൂടുതൽ ക്ഷീണിയ്ക്കാനും ക്ഷയിക്കാനും തുടങ്ങി. പുതിയ സാമൂഹ്യവ്യവസ്ഥ അനുദിനം വളരുകയും ശക്തിപ്പെടുകയും ചെയ്തു. പഴയ സാമൂഹ്യവ്യവസ്ഥ ക്ഷയിയ്ക്കുംതോറും പുതിയ സാമൂഹ്യ വ്യവസ്ഥയുടെ സ്വാധീനം വർദ്ധിച്ചുകൊണ്ടുവന്നു.

സോഷ്യലിസത്തിന്റെ സാമ്പത്തികവ്യവസ്ഥയിൽ ഉല്പാദനം വളരുകയല്ല തകരുകയാണ് ചെയ്യുക എന്നു മുതലാളിത്ത ധനശാസ്ത്രജ്ഞന്മാർ പ്രചാരവേല ചെയ്തു. എന്നാൽ, ആ പ്രചാരവേലകളെല്ലാം യാഥാർത്ഥ്യത്തിന്റെ പാറമേൽ തട്ടി പൊളിയുകയാണ് ചെയ്തത്. സോവിയറ്റുയൂനിയനിലെ ഉല്പാദനം കഴിഞ്ഞ നാല്പതു കൊല്ലങ്ങൾക്കിടയിൽ 30 ഇരട്ടിയിലധികം വർദ്ധിച്ചപ്പോൾ അമേരിക്കയിലെ ഉല്പാദനം രണ്ടിരട്ടി മാത്രവും. ബ്രിട്ടൻ, ഫ്രാൻസ് എന്നീ മുതലാളിത്തരാജ്യങ്ങളുടെ ഉല്പാദനം ഒന്നര ഇരട്ടി മാത്രവുമാണ് വർദ്ധിച്ചത്. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത തോതിലും മുതലാളിത്തത്തിന് തീരെ അസാദ്ധ്യമായ രീതിയിലും ഉല്പാദനശക്തികളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയ സോഷ്യലിസം മുതലാളിത്തത്തേക്കാൾ എത്രയോ ഉയർന്ന ഒരു സാമൂഹ്യവ്യവസ്ഥയാണെന്ന് കഴിഞ്ഞ 40 കൊല്ലത്തെ അനുഭവങ്ങൾ തെളിയിച്ചിരിക്കുന്നു.

## 4 സോഷ്യലിസം പരന്നുപിടിക്കുന്നു

ഭൗതികവും ആത്മീയവുമായ എല്ലാ സൗഭാഗ്യങ്ങളേയും പൊതുസ്വത്താക്കി മാറ്റുകയും സാമ്പത്തികക്കുഴപ്പം, തൊഴിലില്ലായ്മ, പട്ടിണി, നിരക്ഷരത തുടങ്ങിയ സാമൂഹ്യരോഗങ്ങളെ എന്നെന്നേക്കുമായി തുടച്ചുനീക്കുകയും കർഷകതൊഴിലാളികളിൽ നിന്ന് സാഹിത്യനായകന്മാരേയും കന്നുകാലിപ്പിള്ളേരിൽനിന്ന് ശാസ്ത്രജ്ഞന്മാരേയും ഉയർത്തിക്കൊണ്ടുവരികയും ചെയ്ത സോവിയറ്റുയൂനിയനെ ഭൂമിയിൽനിന്നു പിഴുതെറിയാൻവേണ്ടി സാമ്രാജ്യമേധാവികൾ പഠിച്ച പണി പതിനെട്ടും പയറ്റിനോക്കി. ഇന്ന് സോവിയറ്റ് ശാസ്ത്രത്തിന്റെ തിങ്കൾക്കിടാവ് ആകാശത്തിലുള്ള അമ്പിളി അമ്മാവനെ നോക്കി പുഞ്ചിരിളുകുകയാണ്. കമ്മ്യൂണിസത്തിന്റെ സ്വാധീനശക്തി ഭൂമിയിലൊതുങ്ങാൻ വയ്യാത്തവിധം വളരുകയാണ്!

രണ്ടാം ലോകമഹായുദ്ധത്തിന്നുമുമ്പ് സോവിയറ്റ് യൂനിയനിലല്ലാതെ മറ്റൊരിടത്തും സോഷ്യലിസം പ്രായോഗികമല്ലെന്നു വാദിച്ചവരുണ്ടായിരുന്നു. സോഷ്യലിസത്തിന്റെ നാടായി സോവിയറ്റ് യൂനിയൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ടാം ലോകമഹായുദ്ധക്കാലത്തെ സംഭവവികാസങ്ങൾ ഈ സ്ഥിതിയ്ക്കൊരു മാറ്റംവരുത്തി. ഭൂപടമാകെ മാറ്റിവരയ്ക്കപ്പെട്ടു. 60 കോടിയോളം വരുന്ന യൂറോപ്പിലെ ജനസംഖ്യയുടെ പകുതി, അതായത്, 30 കോടിയോളം ജനങ്ങൾ സോഷ്യലിസത്തിന്റെ ചേരിയിലേയ്ക്കു കാലെടുത്തുവെച്ചു. ഏഷ്യയുടെ സ്ഥിതിയോ? ഏഷ്യയിലാകെ 140 കോടി ജനങ്ങളാണുള്ളത്. അവരിൽ പകുതി, അതായത് എഴുപതുകോടി ജനങ്ങൾ, മുതലാളിത്തത്തിന്റെ പിടിയിൽ നിന്നു കുതറി പുറത്തുചാടി. അങ്ങിനെ, സോവിയറ്റ് യൂനിയൻ മാത്രമല്ല, പോളണ്ട്, ബൾഗേറിയ, റൂമേനിയ, ചെക്കോസ്ലോവാക്കിയ, ഹങ്കറി, യൂഗോസ്ലാവിയ, ആൽബേനിയ, കിഴക്കൻ ജർമ്മനി, ചൈന, മംഗോളിയ, വടക്കൻകൊറിയ, വിയറ്റ്നാം എന്നിങ്ങിനെ യൂറോപ്പിലും ഏഷ്യയിലുമുള്ള മറ്റു പന്ത്രണ്ടു രാജ്യങ്ങളും സോഷ്യലിസം പ്രായോഗികമാണെന്നു തെളിയിച്ചു.

ഇന്ന് സോഷ്യലിസം മുതലാളിത്തരാജ്യങ്ങളാൽ ചുറ്റപ്പെട്ടുകൊണ്ടും ആക്രമണഭീഷണികൾക്കിരയായിക്കൊണ്ടും കിടക്കുന്ന ഒരൊറ്റപ്പെട്ട വ്യവസ്ഥയല്ല. അതൊരു ലോകസാമ്പത്തിക വ്യവസ്ഥയാണ്. രണ്ടാം ലോകമഹായുദ്ധത്തിന്നുമുമ്പ് സാമ്രാജ്യശക്തികളുടെ കഴുത്തറുപ്പൻ മത്സരങ്ങളുടേയും കൊള്ളലാഭങ്ങളുടേയും താവളങ്ങളായിക്കിടന്നിരുന്ന പല പിന്നണി രാജ്യങ്ങളും ഇന്ന് മുതലാളിത്തലോകത്തിലെ ഉല്പാദനശക്തികളെ വെല്ലുവിളിച്ചുകൊണ്ട് മുന്നേറിക്കൊണ്ടിരിയ്ക്കുകയാണ്. ലോകത്തിലൊട്ടാകെയുണ്ടാകുന്ന കൽക്കരിയുടെ 38 ശതമാനവും ഉരുക്കിന്റെ 25 ശതമാനവും പരുത്തിയുടെ 30 ശതമാനവും സോഷ്യലിസ്റ്റ് ലോകത്തിലാണ് ഉല്പാദിപ്പിയ്ക്കപ്പെടുന്നത്. സാങ്കേതികജ്ഞാനം, സംസ്കാരം, വിദ്യാഭ്യാസം മുതലായവയെ സംബന്ധിച്ചേടത്തോളം സോഷ്യലിസ്റ്റ്ലോകം ഇപ്പോൾത്തന്നെ മുതലാളിത്തലോകത്തെ കവച്ചുകടന്നിരിയ്ക്കുന്നു.

രണ്ടു വ്യത്യസ്തങ്ങളായ സാമൂഹ്യവ്യവസ്ഥകൾ, രണ്ടു വ്യത്യസ്തങ്ങളായ ലോകമാർക്കറ്റുകൾ, രണ്ടു വ്യത്യസ്തങ്ങളായ ലോകങ്ങൾ—ഇത് സാമ്രാജ്യാധിപത്യത്തിന്റെ അന്ത്യത്തെ കൂടുതൽ ത്വരിതപ്പെടുത്തി.

ജനങ്ങളുടെ കൂടിക്കൂടിവരുന്ന ഭൌതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളേയും പരമാവധി തൃപ്തിപ്പെടുത്തുക എന്ന അടിസ്ഥാനത്തിൽ ഉല്പാദനം നടത്തുന്ന സോഷ്യലിസ്റ്റ് ചേരി അനുദിനം ശക്തിപ്പെട്ടുകൊണ്ട് സോഷ്യലിസത്തിലേയ്ക്കും കമ്യൂണിസത്തിലേയ്ക്കും മുന്നേറുന്നു. കുത്തകമുതലാളികളുടെ പരമാവധി ലാഭത്തിന്നുവേണ്ടി ഉല്പാദനം നടത്തുന്ന മുതലാളിത്തച്ചേരി ക്ഷയിച്ചു ക്ഷയിച്ച് തകർച്ചയിലേയ്ക്കും നാശത്തിലേയ്ക്കും നീങ്ങുന്നു.

സോഷ്യലിസ്റ്റ് ചേരിയിലെ രാജ്യങ്ങൾ പരസ്പരസഹായത്തിൻറേയും പരസ്പര സൗഹാർദ്ദത്തിൻറേയും പരസ്പരബഹുമാനത്തിൻറേയും അടിസ്ഥാനത്തിൽ സമാധാനപരമായ സാർവ്വദേശീയാന്തരീക്ഷം സൃഷ്ടിയ്ക്കാൻ ശ്രമിച്ചുകൊണ്ട് സാമൂഹ്യോല്പാദനത്തെ മേൽക്കുമേൽ വളർത്തുന്നു; ജനങ്ങളുടെ സാംസ്കാരികവും ശാസ്ത്രീയവും വിദ്യാഭ്യാസപരവുമായ നിലവാരങ്ങളെ കൂടുതൽ കൂടുതൽ ഉയർത്തുന്നു. ഉല്പാദനത്തോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരവും ഉയരുന്നതുകൊണ്ട് സോഷ്യലിസത്തിന്റെ ലോകമാർക്കറ്റിൽ യാതൊരു കുഴപ്പവുമുണ്ടാകുന്നില്ല. നേരെ മറിച്ച്, ചൂഷണത്തിന്റെ അടിസ്ഥാനത്തിലുള്ള മുതലാളിത്തത്തിന്റെ ലോകമാർക്കറ്റിൽ അരാജകത്വവും മത്സരവും കുഴപ്പവും നടമാടുന്നു.

# 5 അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേയ്ക്ക്

സോഷ്യലിസത്തിൻറേയും മുതലാളിത്തത്തിൻറേയും ബലാബലത്തിലുണ്ടായ ഈ മാറ്റങ്ങൾ അടിമരാജ്യങ്ങളുടെ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾക്ക് മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്ത ആവേശവും പ്രചോദനവും നൽകി. കോളണിവ്യവസ്ഥയ്ക്ക നേരിട്ട തകർച്ച ലോകമുതലാളിത്തത്തിന്റെ പൊതുകുഴപ്പത്തെ പതിന്മടങ്ങു മൂർച്ഛിപ്പിച്ചു.

രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് ഏഷ്യയിലേയും ആഫ്രിക്കയിലേയും കോടിക്കണക്കിലുള്ള ജനങ്ങൾ ഒരു പിടി മുതലാളിത്തരാഷ്ട്രങ്ങളുടെ ചവിട്ടടിയിൽ കിടന്നു ഞെരങ്ങുകയായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുണ്ടായ സംഭവവികാസങ്ങൾ ചരിത്രത്തിന്റെ ഗതിയെ എന്നെന്നേയ്ക്കുമായി മാറ്റി മറിച്ചു. കോളണികളിലേയും അർദ്ധകോളണികളിലേയും ജനങ്ങൾ പഴയപടി ജീവിയ്ക്കാൻ തയ്യാറില്ലെന്നു വ്യക്തമാക്കി. അടിമത്തത്തിലും അന്ധകാരത്തിലും ആണ്ടുകിടന്നിരുന്ന പിന്നണി രാജ്യങ്ങൾ സ്വാതന്ത്ര്യത്തിലേയ്ക്കും വെളിച്ചത്തിലേയ്ക്കും കാലെടുത്തുവെച്ചു. മുതലാളിത്തത്തിന്റെ പിടിയിൽനിന്ന് പരിപൂർണ്ണമായ മോചനം നേടുകയും സോഷ്യലിസ്റ്റ് ചേരിയിലെ അംഗങ്ങളായി മാറുകയും ചെയ്ത ചൈന, വിയറ്റ്നാം, വടക്കൻ കൊറിയ എന്നീ രാജ്യങ്ങൾക്കു പുറമേ ഇന്ത്യ പാക്കിസ്ഥാൻ, ഇൻഡൊണേഷ്യ, സിലോൺ എന്നിങ്ങിനെ 70 കോടിയിലധികം ജനങ്ങൾ നിവസിയ്ക്കുന്ന ഒട്ടനവധി രാജ്യങ്ങൾ സാമ്രാജ്യത്വത്തിന്റെ നുകങ്ങൾ പൊട്ടിച്ചെറിഞ്ഞ് സ്വതന്ത്രസ്റ്റേറ്റുകളായി രൂപാന്തരപ്പെട്ടു. അടിമത്തത്തിലാണ്ടുകിടക്കുന്ന മറ്റു രാജ്യങ്ങളിലും ദേശീയ സ്വാതന്ത്ര്യസമരങ്ങൾ പൂർവ്വാധികം ശക്തിപ്പെട്ടു.

വ്യത്യസ്തരീതിയിലും വ്യത്യസ്തനിലവാരത്തിലുമുള്ള മാറ്റങ്ങളാണുണ്ടായത്. പക്ഷേ, എല്ലായിടത്തും മാറ്റങ്ങളുണ്ടായി എന്നതാണ് പ്രധാനം. മുതലാളിത്തത്തിന്റെ കുഴപ്പം മൂർച്ഛിച്ചതിന്റെ ഫലമായി ലോകത്തിലെല്ലായിടത്തും സാമ്രാജ്യമേധാവിത്വത്തിന്റെ പിടി അയഞ്ഞു എന്ന കാര്യം നിസ്സംശയമാണ്.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014